"ഭരണഭാഷ-മാതൃഭാഷ-"

## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ : വി.എൻ.ജിതേന്ദ്രൻ)

തിരുവനന്തപുരം

ഉത്തരവ് നം.: E11-40374/14. തീയതി: 17-12-2014

വിഷയം: സാ.നീതി വകുപ്പ്- ജീവനക്കാര്യം - വിശേഷാൽ ചട്ടങ്ങളിൽ ഉൾപ്പെട്ട ഗ്രേഡ് I വനിതാ ക്ഷേമസ്ഥാപനങ്ങൾ വിശേഷാൽ ചട്ടങ്ങളിലെ വിവിധ വിഭാഗങ്ങൾക്ക് പ്രസ്തുത ചട്ടങ്ങളിലെ റേഷ്യോ പ്രകാരം വിഭജിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. G.O(P) No.23/2010/SWD തീയതി: 30.3.2010.
2. G.O(P) No.77/2012/SJD തീയതി: 27.12.2012.
3. സാമൂഹ്യനീതി ഡയറക്ടറുടെ 13.2.2014ലെ E11-42423/13 നമ്പർ നടപടിക്രമങ്ങൾ.

സാമൂഹ്യനീതി വകുപ്പിൽ പരാമർശം ഒന്ന് പ്രകാരം നിലവിൽ കേരള സോഷ്യൽ വെൽഫെയർ സർവ്വീസ് വിശേഷാൽ ചട്ടം കാറ്റഗറി 8, 9-ൽ ഉൾപ്പെടുന്ന സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ/ഗ്രേഡ് I / ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ് I / മേഖലാ സ്ത്രീധന നിരോധന ഓഫീസർ എന്നീ കേഡറുകളിലായി 37 തസ്തികകൾ നിലവിലുണ്ട്. പ്രസ്തുത ഗ്രേഡ് I സ്ഥാപനങ്ങൾ / ഓഫീസുകളെ ഏതെല്ലാമാണെന്ന് വ്യക്തമാക്കി പരാമർശം മൂന്ന് പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത തസ്തികകളിലേയ്ക്ക് പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വിശേഷാൽ ചട്ട ഭേദഗതി അനുസരിച്ച് 1:2:1 എന്ന അനുപാതത്തിൽ യഥാക്രമം (i) ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II, (ii) ജൂനിയർ സൂപ്രണ്ട്, (iii) ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ് II / സോഷ്യൽ സയന്റിസ്റ്റ് / സൂപ്പർവൈസർ വി.റ്റി.സി എന്നീ തസ്തികകളിൽ നിന്നായിരിക്കണം ഉദ്യോഗക്കയറ്റമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

2. സാമൂഹ്യനീതി വകുപ്പിൽ ഒന്നാം പരാമർശിത വിശേഷാൽ ചട്ടത്തിലെ കാറ്റഗറി 8, 9 എന്നിവയിൽ ഉൾപ്പെടുന്ന 37 ഗ്രേഡ് I സൂപ്രണ്ട് തസ്തികകൾ നിലവിൽ ഉണ്ടെങ്കിലും ഈ തസ്തികകളിൽ 9 എണ്ണം സ്ത്രീകൾക്കു മാത്രം നിയമനം നൽകാൻ കഴിയുന്ന സ്ഥാപനങ്ങളാണ്. എന്നാൽ അവ ഫീഡർ കാറ്റഗറിയിൽ ഏതു വിഭാഗങ്ങളിൽ നിന്നും നികത്തണമെന്ന് നിഷ്കർഷിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. കേഡർ സ്ട്രെങ്ത് മാത്രം കണക്കാക്കി ഉദ്യോഗക്കയറ്റം നൽകിയാൽ ചില വിഭാഗം ഫീഡർ കാറ്റഗറികളിലെ സ്ത്രീ പുരുഷ ജീവനക്കാർ മറ്റു ചില വിഭാഗങ്ങളിലെ സ്ത്രീ പുരുഷ ജീവനക്കാർക്കു വേണ്ടി നഷ്ടം സഹിയ്ക്കേണ്ട അവസ്ഥ വന്നു ചേരും. മാത്രവുമല്ല ആവശ്യത്തിനു സ്ത്രീ ജീവനക്കാരെ ലഭിക്കാത്ത സന്ദർഭങ്ങളിൽ കേഡർ സ്ട്രെങ്ത് അനുസരിച്ചുള്ള ഒഴിവുകൾ നികത്തണമെന്ന ആവശ്യം ഉയരുവാനും അത് കോടതി വ്യവഹാരങ്ങൾക്ക് കാരണമാകുകയും ചെയ്യും.

3. ഈ സാഹചര്യത്തിൽ വനിതാ സംവരണ സ്ഥാപനങ്ങളേയും ഫീഡർ കാറ്റഗറിയിലെ ഓരോ വിഭാഗത്തിനും വിശേഷാൽ ചട്ടത്തിലെ അനുപാത പ്രകാരം വിഭജിച്ചു നൽകുന്നത് അനാവശ്യമായ അവകാശവാദങ്ങൾ ഒഴിവാക്കുവാനും ഓരോ ഫീഡർ കാറ്റഗറിയുടേയും താൽപര്യങ്ങൾ സംരക്ഷിക്കുവാനും വഴിയൊരുക്കും. ആയതിനാൽ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുള്ള സൂപ്രണ്ട് ഗ്രേഡ് I തസ്തികകളെ വിശേഷാൽ ചട്ട പ്രകാരം 1:2:1 എന്ന ക്രമത്തിൽ വിഭജിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇപ്രകാരം

തസ്തിക വിഭജിയ്ക്കുമ്പോൾ ഓരോ വിഭാഗത്തിനും ലഭിയ്ക്കുന്ന തസ്തികകളെ സംബന്ധിച്ച വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫീഡർ കാറ്റഗറിയുടെ പേര് | നിലവിലെ റേഷ്യോ | കേഡർ സ്ട്രെങ്ത്ത് | സ്ത്രീ പ്രാതിനിധ്യം കണക്കിലെടുത്ത് 9 ക്ഷേമ സ്ഥാപനങ്ങളെ കേഡർ സ്ട്രെങ്ത്ത് പ്രകാരം വിഭജിക്കുമ്പോൾ |
|---|---|---|---|---|
| 1 | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-2 (item i) | 1 | 10 | 3 |
| 2 | ജൂനിയർ സൂപ്രണ്ട് (item ii) | 2 | 18 | 4 |
| 3 | ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ്-2, സോഷ്യൽ സൈന്റിസ്റ്റ്, വി.റ്റി.സി. സൂപ്പർവൈസർ (item iii) | 1 | 9 | 2 |
| | ആകെ | | 37 | 9 |

മേൽ സാഹചര്യത്തിൽ ഒന്നാം പരാമർശിത വിശേഷാൽ ചട്ടത്തിലെ കാറ്റഗറി 8, 9 എന്നിവയിൽ ഉൾപ്പെടുന്ന ഗ്രേഡ്-I സൂപ്രണ്ട് തസ്തിക നിലവിലുള്ള ക്ഷേമ സ്ഥാപനങ്ങളിലെ നിയമനം വിശേഷാൽ ചട്ടത്തിലെ വിവിധ വിഭാഗങ്ങൾ തമ്മിലുള്ള 1:2:1 എന്ന അനുപാതം പാലിക്കുന്നതോടൊപ്പം സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുള്ള 9 സ്ഥാപനങ്ങളിലും പ്രസ്തുത അനുപാത പ്രകാരമുള്ള കേഡർ സ്ട്രെങ്ത് ആയ 3;4;2 എന്ന ~~അനുപാതവും~~ ക്രമവും വിവിധ വിഭാഗങ്ങൾ തമ്മിൽ പാലിച്ചു കൊണ്ടായിരിക്കണം നിയമനം നടത്തേണ്ടത് എന്നു വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**സാമൂഹ്യനീതിഡയറക്ടർ**

പകർപ്പ്:-

1. എല്ലാ RAD മാർക്കും.
2. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.
3. ബന്ധപ്പെട്ട എല്ലാ ക്ഷേമസ്ഥാപന സൂപ്രണ്ടുമാർക്കും.
4. സാമൂഹ്യനീതി ഡയറക്ടറുടെ സി.എ
5. ഇ1 മുതൽ ഇ13 സീറ്റ് വരെ
6. സ്റ്റോക്ക് ഫയൽ / സ്പെയർ.

**ഉത്തരവിൻപ്രകാരം**

സൂപ്രണ്ട്

db@14